# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3045 — 22.06.2012-ൽ മറുപടിക്ക്

## ഭരണ ഗവേഷണ വിജ്ഞാന വ്യാപന മേഖലയിലെ രൂക്ഷമായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി അബ്ദുൾഖാദർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക സർവ്വകലാശാലയ്ക്ക് കൃഷി, മൃഗസംരക്ഷണം, കാർഷിക എഞ്ചിനീയറിംഗ്, ഫോറസ്ട്രി തുടങ്ങിയ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളെ നിലനിർത്താനോ കൂടുതൽ വികസിപ്പിക്കാനോ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനായി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല കേരളത്തിന്റെ ഇപ്പോഴത്തെ കാർഷിക മേഖലയിൽ അത്യാവശ്യമായ ചെറുകിട യന്ത്രവൽക്കരണം, പ്രസിഷൻ ഫാമിംഗ്, മൂല്യവർദ്ധനം, സൂക്ഷ്മ ജലസേചനം, മണ്ണ് ജല സംരക്ഷണ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. വനശാസ്ത്ര മേഖലയിലെ അദ്ധ്യാപന ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനു വേണ്ടി ഫോറസ്ട്രി ഫാക്കൽറ്റി രൂപീകരിച്ചു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫോറസ്ട്രി കോളേജിൽ ഡോക്ടറൽ ഗവേഷണ കോഴ്സിന് തുടക്കം കുറിച്ചു |

| | |
|---|---|
| ബി) ഈ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഭരണമേഖലയിലും ഗവേഷണ വിജ്ഞാന വ്യാപന മേഖലയിലും ശ്രദ്ധക്ഷമായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ബി) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം യഥാസമയം സർക്കാർ വിലയിരുത്താറുണ്ട്. കാർഷിക എഞ്ചിനീയറിംഗ്, ഫോറസ്ട്രി ഫാക്കൽറ്റികളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനദ്ധ്യാപക നിയമനങ്ങളെല്ലാം തന്നെ പി.എസ്.സിയെ ചുമതലപ്പെടുത്തുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ, സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2006-2007 മുതൽ 2010-11 വരെയുള്ള കാലയളവിൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പെർഫോർമൻസ് റിവ്യു റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാല നടത്തിവരുന്നു. മോണിട്ടറിംഗ് ആന്റ് ഇവാല്യൂവേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേകമായി ഒരു അസോസിയേറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് നിർദ്ദേശിച്ച തരത്തിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളിലേയ്ക്ക് അദ്ധ്യാപക വിഭാഗം ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19.06.2012 ന് ചേർന്ന ഭരണസമിതിയുടെ 492-ാമത് യോഗം ബഹു. ഒല്ലൂർ എം.എൽ.എ ചെയർമാനും സർവ്വകലാശാലയുടെ ഗവേഷണ വിജ്ഞാന വ്യാപന ആസൂത്രണ വിഭാഗങ്ങളുടെ മേധാവികൾ, അസോസിയേറ്റ് ഡയറക്ടർ |

(ഫാംസ്) എന്നിവർ അംഗങ്ങളുമായി ഒരു പ്രത്യേക സമിതിയെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി ചുമതലപ്പെടുത്തി യിട്ടുണ്ട്.

കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ശാസ്ത്രജ്ഞരുടെ 90% ഒഴിവുകളും നികത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്ദേശ ലക്ഷ്യം കൈവരിച്ചതായി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറ ലിന്റെ കരട് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന് ദേശീയ തലത്തിൽ മികച്ച കൃഷി വിജ്ഞാന കേന്ദ്രത്തിനുള്ള ബഹുമതി നേടാനായിട്ടുണ്ട്.

കേന്ദ്ര സർക്കാർ 2012- 13 വർഷത്തെ ബജറ്റിൽ 100 കോടി രൂപ കേരള കാർഷിക സർവ്വകലാശാല യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ചും വിദ്യാഭ്യാസ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ കർമ്മ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**